ഇത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ റോഡാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഈ റോഡിന് ഫണ്ട് അനുവദിച്ചുകൊണ്ട് ഈ പ്രദേശത്തെ ജനങ്ങളുടെ യാത്രാദുരിതം അവസാനിപ്പിക്കണമെന്ന് വിനയപൂർവ്വം അദ്ദേഹത്തോടും സഭയോടും അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചിക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് കാഞ്ഞിരപ്പുഴ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലാണ്. അത് ശരിയാണ് ഈ റോഡിൽക്കൂടി ഇപ്പോൾ നിരവധി ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്. ഈ റോഡ് പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്; അതിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ദയനീയമാണ്. ഡാമിന്റെ മെയിന്റനൻസ് നടത്തിവരുന്നു. ഈ റോഡ് ശരിയാക്കണമെങ്കിൽ 20 ലക്ഷം രൂപ വേണ്ടിവരും. ഞങ്ങൾക്ക് തുക ഇല്ലാത്തതാണ് പ്രശ്നം. എന്നാൽപ്പോലും ശ്രീ. കളത്തിൽ അബ്ദുള്ളയുടെ നിർബന്ധപൂർവ്വമായ ആവശ്യം പരിഗണിച്ച് സാമ്പത്തിക സ്ഥിതിയുടെ രൂപമനു സരിച്ച് പരമാവധി സഹായം ചെയ്യുന്നതാണ്.

(16) കഞ്ചിക്കോട് മേഖലയിൽ ഇരുമ്പുരുക്ക് കമ്പനികൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 36 ഇരുമ്പുരുക്ക് കമ്പനികൾ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി ഗുരുതരമായ പരിസ്ഥിതി പ്രശ്നം അവിടെ ഉയർന്നുവന്നിരിക്കുകയാണ്. ജനങ്ങൾക്ക് അവിടെ ജീവിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഉയർന്നു വന്നിരിക്കുന്നത്. കരിപ്പൊടി വെള്ളത്തിൽ കലരുന്നതിനാൽ കുടിവെള്ളംപോലും ലഭ്യമാകാത്ത സ്ഥിതിവിശേഷമുണ്ടായിട്ടും പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ 16 കമ്പനികളാണ് പ്രവർത്തിക്കുന്നത്. ജനവാസ കേന്ദ്രങ്ങളിൽ ഒരു കാരണവശാലും പ്രവർത്തനാനുമതി കൊടുക്കാൻ പറ്റാത്ത കമ്പനികളാണ് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പുതുതായി 12 കമ്പനികൾ ലൈസൻസ് ആവശ്യപ്പെട്ടു. പഞ്ചായത്ത് അത് മുഴുവൻ നിഷേധിച്ചു. പക്ഷേ ഇൻഡസ്ട്രീസ് ട്രിബ്യൂണൽ മുഖാന്തിരം അത് വീണ്ടും അവിടെ പ്രവർത്തനമാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. കേരള സ്പോഞ്ച് അയൺ എന്ന ഒരു പുതിയ കമ്പനി അവിടെ പ്രവർത്തനമാരംഭിക്കാൻ പോകുകയാണ്. ഈ കമ്പനി പ്രവർത്തനമാരംഭിച്ചാൽ മലമ്പുഴ ഡാമാണ് മലിനീകരിക്കപ്പെടുക. ലക്ഷക്കണക്കിന് ആൾക്കാർക്ക് കുടിവെള്ളം നഷ്ടപ്പെടും. പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിലെ ജലസേചനമുൾപ്പെടെ തകരാറാകുന്ന സ്ഥിതിവിശേഷമാണ് ഉയർന്നു വരിക. വൈദ്യുതിയാണ് ഈ കമ്പനികളുടെ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നത്. കോടിക്കണക്കിന് രൂപ കെ.എസ്.ഇ.ബി.-ക്ക് ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശികയുണ്ട്. ഈ ഇനത്തിലെല്ലാം വന്നിച്ച തട്ടിപ്പ് നടത്തുന്നുണ്ട്. ഇങ്ങനെ തട്ടിപ്പ് നടത്തിയത് കണ്ടുപിടിച്ച് ഈ കമ്പനി കെ.എസ്.ഇ.ബി-ക്ക് പണമടയ്ക്കണമെന്ന നിർദ്ദേശം കൊടുത്തതിന്റെ ഭാഗമായി ഒരു ഉദ്യോഗസ്ഥനെ കൊലപ്പെടുത്തിയ സമീപനം ഉൾപ്പെടെ ഉണ്ടായിട്ടുണ്ട്. ഈ കമ്പനികൾ ദുരൂഹ സാഹചര്യത്തിലാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. എട്ട് ദുരൂഹ മരണങ്ങൾ ഈ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇത്തരം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന, മനുഷ്യന്റെ ജീവന് യാതൊരു വിലയും കൽപ്പിക്കാതെ മനുഷ്യനെ കൊന്നൊടുക്കുന്ന ഇത്തരം വ്യവസായ സ്ഥാപനങ്ങൾ ഇല്ലാതാക്കാൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പരിസ്ഥിതി വനംവകുപ്പ് മന്ത്രി (ശ്രീ. എ. സുജനപാൽ): കഞ്ചിക്കോട് വ്യവസായ മേഖലയിൽ 32 ഇരുമ്പുരുക്ക് വ്യവസായങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. 12 സ്ഥാപനങ്ങൾ നിർമ്മാണത്തിലാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഇൻഡസ്ട്രീസ് മോണിറ്ററിംഗ് കമ്മിറ്റി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പരാതികൾ പരിശോധിച്ച് 1-10-2005-ന് ശേഷം അപേക്ഷ സമർപ്പിച്ചവർക്ക് അനുമതി നൽകേണ്ട എന്നാണ് തീരുമാനിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പരിസ്ഥിതി പ്രശ്നത്തെ സംബന്ധിച്ച് വിശദമായി പഠിക്കുന്നതിനുവേണ്ടി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുന്ന നാലംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(17) മായന്നൂർ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒറ്റപ്പാലം-മായന്നൂർ-ചേലക്കര നിവാസികളുടെ നീണ്ടകാലത്തെ ആഗ്രഹമാണ് ഒറ്റപ്പാലം-മായന്നൂർ പാലമെന്നത്. 2000 ൽ മായന്നൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. 6 വർഷങ്ങൾ പിന്നിട്ടിട്ടും ഇനിയും ഏകദേശം 25 സ്പാനുകളുടെ പണികൾ നടത്തേണ്ടതുണ്ട്. 10 സ്പാനുകളുടെ പണിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഇതിന്റെ പണി ഏറ്റെടുത്തിരിക്കുന്നത്. കൺസ്ട്രക്ഷൻ കോർപ്പറേഷന് പൊതുമരാമത്ത് വകുപ്പ് 8,34,91,000-ൽപ്പരം രൂപ കൊടുത്തിട്ടുണ്ടെങ്കിലും അത് സബ് കോൺട്രാക്ട് എടുത്ത ആളുകൾക്ക് 6,21,00,000-ൽപ്പരം രൂപയാണ് കൊടുത്തിട്ടുള്ളത്. അതുകൊണ്ട് അതിന്റെ പണി മന്ദഗതിയിലാണ് പോകുന്നത്. പണി ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. അതോടൊപ്പംതന്നെ പാലത്തിന്റെ പണി പൂർത്തീകരിക്കണമെന്നുണ്ടെങ്കിൽ റെയിൽവേ ബ്രിഡ്ജിൽക്കൂടി പണി കഴിക്കേണ്ടതുണ്ട്. അതിന് ഏകദേശം 2 കോടി രൂപ റെയിൽവേയിൽ കെട്ടിവയ്ക്കേണ്ടതുണ്ട്. റെയിൽവേയിൽ കെട്ടിവയ്ക്കാനുള്ള തുകയും സർക്കാർ നൽകേണ്ടതാണ്. അങ്ങനെ പണി എത്രയുംവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് മരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

11.00 A.M]

LIBRARY ARCHIVES Kerala Legislative Assembly